
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 11 May 1997 No. 2

## എഡിറ്റോറിയൽ

ന്യായവാദങ്ങൾ ധാരാളം പറഞ്ഞു കേൾക്കാറുള്ള ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഇതിനെ ഒഴിവു കഴിവുകളായി നാം മനസിലാക്കുന്നു. പലരും ഇതിന്റെ പ്രത്യാഘാതത്തെ കുറിച്ച് ചിന്തിക്കാറില്ല. തല്ക്കാലം ഏതൊന്നിൽ നിന്നു രക്ഷപ്പെടുവാൻ അവർ ആഗ്രഹിക്കുന്നുവോ അതിനായി അവർ ചില കാര്യങ്ങൾക്കു കുറുക്കു വഴികൾ കണ്ടെത്തുന്നു. ഇതുവളരെ അപകടകരമായ ഒരു സമീപനമാണ്. തെററ് തെററാണെന്ന് സമ്മതിക്കുവാനോ ശരിയായ ഒന്നിലേക്ക് തിരിയുവാനോ ഇവർ മടിക്കുന്നു എന്നതാണ് പരമാർത്ഥം. യാഥാർത്ഥ്യത്തിൽ നിന്നു ഒളിച്ചോടാൻ ആർക്കും സാദ്ധ്യമല്ല. അതിനെ അഭിമുഖീകരിച്ചേ മതിയാവു. സ്വയം ഒരു ആത്മ പരിശോധന ഈ കാര്യത്തിൽ എല്ലാവർക്കും അനിവാര്യമാണ്.

ഏതൊന്നും ചില ന്യായവാദങ്ങൾ ആത്മീയ കാര്യങ്ങളെ സംബന്ധിച്ച്, പ്രചാരത്തിലിരിക്കുന്നവയെ നമുക്കു പരിശോധിക്കാം. ശരിയായ വിശ്വാസത്തെ സംബന്ധിച്ച് ചിലരോട് അറിയിക്കുമ്പോൾ അവർ പറയാറ് "എന്റെ വിശ്വാസം എനിക്ക് നിങ്ങളുടെ വിശ്വാസം നിങ്ങൾക്ക്" എന്നാണ്. ഇതു ദൈവേഷ്ടത്തിനു വിരുദ്ധമായ നിലപാടാണ്. ദൈവം മനുഷ്യരിൽ നിന്നും ആഗ്രഹിക്കുന്ന വിശ്വാസം ഒന്നുമാത്രമാണ്. പല വിശ്വാസം ബഹു ഭാര്യത്വം പോലെയാണ്. അത്തരം ചിന്താഗതികൾ ഉപേക്ഷി

ക്ക തന്നെ വേണം. നാമധേയ വിഭാഗങ്ങൾ തെററാണെന്നും അതിൽ നിന്നും മാറി ദൈവ വചനം അനുസരിച്ച് ജീവിക്കണം എന്നു പറയുമ്പോൾ ചിലർ പറയുന്നതു സഭ മാറുന്നതു മരം ചാടുന്ന കുരങ്ങിനെ പോലെയാണ് എന്നാണ്. വാസ്തവത്തിൽ അവർ അംഗമായിരിക്കുന്ന വിഭാഗം ദൈവ ദൃഷ്ടിയിൽ സഭയേ അല്ല എന്നതാണ്. ദൈവ വീക്ഷണത്തിൽ സഭ ഒന്നുമാത്രം; അതു കർത്താവിൻേറതാണ്. കർത്താവ് പണിതിരിക്കുന്ന സഭയാണ് പുതിയ നിയമത്തിൽ നാം വായിക്കുന്നത്. അതിനപ്പുറമായ ഏതൊരു സംഘടനയും ദൈവം വെറുക്കുന്നു.

യേശുക്രിസ്തുവിൻെറ ഈ ലോക ജീവിതകാലയളവിലും ഇത്തരം ഒഴിവുകഴിവു നിരത്തിയ ആളുകളെ നമുക്കു പരിചയപ്പെടുത്തി തരുന്നുണ്ട്. തന്നെ അനുഗമിക്കാൻ അവർ തയ്യാറാണെന്നും എന്നാൽ അതിനു തടസമായി ചിലതുണ്ടെന്നും അവർ യേശുവിനോടു പ്രസ്താവിച്ചു. അതിൽ ഉയർന്നു നില്ക്കുന്ന ഒരാളുടെ ആവശ്യം തൻെറ അപ്പനെ അടക്കുവാനുള്ള അനുവാദം ആദ്യമായി തരണം എന്നതായിരുന്നു. പക്ഷെ കർത്താവ് അവനോട് പറഞ്ഞതു മരിച്ചവർ തങ്ങളുടെ മരിച്ചവരെ അടക്കട്ടെ നീ ഇപ്പോൾ എന്നെ അനുഗമിക്ക എന്നതായിരുന്നു. നാം ഏതിനു പ്രാധാന്യം കൊടുക്കുന്നു എന്നതു വ്യക്തമാക്കുന്നവയാണ് നമ്മുടെ മുൻഗണനാ ക്രമം. ദൈവ വചനത്തിൽ ദൈവം അരുളിച്ചെയ്തിരിക്കുന്ന സത്യത്തിനു നാം മുൻഗണന കൊടുക്കണം നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ ക്രിസ്തുവിനെ അനുഗമിക്കാൻ നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും തടസം ഉണ്ടോ? നിങ്ങൾ അതിനു എന്തെങ്കിലുംഒഴിവുകഴിവു കണ്ടെത്തുകയാണോ? എങ്കിൽ നഷ്ടപ്പെടുന്നതു വളരെ വിലപ്പെട്ടതാണ്.

★

# ഞാൻ എന്തുകൊണ്ടു ക്രിസ്തുവിൽ വിശ്വസിക്കുന്നു?

J.C. ചോട്ട്

ലോകത്തിൽ ദശലക്ഷക്കണക്കിനു ആളുകൾ യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ്. അവൻ ദൈവ പുത്രനാണെന്നും ജനങ്ങളുടെ പാപങ്ങൾക്കു വേണ്ടി മരിച്ചു എന്നും ഉയർത്തെഴുന്നേററു എന്നും ആളുകൾ വിശ്വസിക്കുന്നുണ്ട്. സ്വർഗ്ഗത്തിൽ പിതാവിൻെറ വലത്തു ഭാഗത്തു ഇരുന്നു രാജാധിരാജാവായി വാഴുന്നു എന്നും വീണ്ടും അവൻ സ്വർഗ്ഗത്തിൽ നിന്നു വരികയും നീതിമാന്മാരെ ചേർക്കയും ചെയ്യും എന്നും അവർ വിശ്വസിക്കുന്നുണ്ട്. എന്നാൽ എന്തുകൊണ്ടാണ് ഈ ആളുകൾ ഇന്നുവരെ ക്രിസ്തുവിൽ വിശ്വസിക്കുന്നത്? ഒരാൾ എന്തുകൊണ്ടു ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നതാണ് ചോദ്യം. മനുഷ്യ നിർമ്മിതമായ ഒരു കെട്ടു കഥ നിമിത്തമാണോ ലോകത്തുള്ള ആളുകൾ അവനിൽ വിശ്വസിക്കുന്നത്? അവനെ ഒരു നല്ല മനുഷ്യൻ എന്നതിലുപരി ഒന്നുമല്ലാത്ത രീതിയിലല്ലേ വിശാല ഹൃദയരായ ഇവർ കണക്കാക്കിയിരിക്കുന്നത്?

ഏതൊരു വ്യക്തിയെ എടുത്താലും ഒരു വസ്തുതയെ സംബന്ധിച്ച് എല്ലായ്പ്പോഴും വിശ്വസിക്കുന്നവരും വിശ്വസിക്കാത്തവരും കണ്ടേക്കാം. സ്വീകരിക്കുന്നവരും നിഷേധിക്കുന്നവരും ഉണ്ടായേക്കും. അതു ക്രിസ്തുവിനെ കുറിച്ചും വാസ്തവം തന്നെയാണ്. ഏതാണ്ടു രണ്ടായിരം വർഷങ്ങൾക്കു മുൻപ് യേശു ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ അവൻ ചെയ്ത അത്ഭുതങ്ങൾ നിമിത്തവും ഉപദേശങ്ങൾ നിമിത്തവും അവൻ ദൈവ പുത്രനാണെന്നു ഒരു കൂട്ടം ആളുകൾ വിശ്വസിച്ചു. പക്ഷെ ധാരാളം പേർ വിശ്വസിക്കാതിരുന്നു. അവൻ ഭൂതങ്ങളെ പുറത്താക്കുന്നതു മൃതന്മാരെ കൊണ്ടാണെന്നും അവൻ ദൈവ ദൂഷണം പറയു

ന്നവനാണെന്നും അവർ പറഞ്ഞു. കൂടാതെ കള്ളസാക്ഷികളെ നിരത്തി അപവാദങ്ങളും കുററങ്ങളും ചുമത്തി അവനെ ക്രൂശിക്ക എന്നു ആർത്തു വിളിച്ചു. അപ്പോഠം ഈ വൈപരീത്യം നൂററാണ്ടുകളായി നിലനില്ക്കുകയാണ്. കർത്താവ് വീണ്ടും വരുന്നതുവരെ ഇതു തുടരുകയും ചെയ്യും. ആളുകളുടെ ചിന്താ ശക്തി എന്നും അങ്ങനെയാണ് എന്നർത്ഥം. ക്രിസ്തുവിന്റെ വരവിനു ശേഷം അതിനുള്ള അവസരം കിട്ടുകയില്ല.

ആരാണ് ശരി? ആരാണ് തെററ്? ക്രിസ്തുവിനു എതിരായി തർക്കങ്ങളും വാദങ്ങളും ഇങ്ങനെയൊക്കെ സംഭവിക്കുന്നുണ്ടെങ്കിലും ലോകത്തിൽ മഹത്തായ രീതിയിൽ പ്രസിദ്ധിയാർജിക്കുന്ന അവസ്ഥയിൽ ക്രിസ്തു ആയിത്തീരിക്കാൻ കാരണമെന്ത്? മററുള്ളവരെ സംബന്ധിച്ച് എനിക്ക് അറിഞ്ഞുകൂടാ. പക്ഷെ എന്റെ കാര്യം എനിക്കു തീർത്തു പറയാമല്ലൊ. എന്തുകൊണ്ട് ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു കാര്യകാരണ സഹിതം വിശദമാക്കട്ടെ?

ആദിയിൽ അവൻ ദൈവത്തോടു കൂടെയായിരുന്നു എന്നും സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു എന്നും ബൈബിഠം പറയുന്നതുകൊണ്ട് ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു. നമ്മുടെ സാദൃശത്തിൽ, നമ്മുടെ സ്വരൂപത്തിൽ മനുഷ്യനെ ഉണ്ടാക്കുക എന്നു ദൈവം പറയുന്നു (ഉല്പത്തി 1:26). ''നമ്മുടെ'' എന്ന വാക്കിൽ ക്രിസ്തുവും ഉഠപ്പെട്ടിരിക്കുന്നു. ദൈവികത്വത്തിലെ ഒരു വ്യക്തിയാണ് ക്രിസ്തു എന്നു വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 28:19-20). ആദി മുതൽ മനുഷ്യരോടു സംസാരിച്ച വചനമായിരുന്നു അവൻ എന്നു കൂടെ രേഖപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 1:1-2).

ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ മറെറാരു കാരണം അവനെ കുറിച്ച് പ്രതിവചിച്ച പ്രവചനങ്ങഠ

നിറവേറപ്പെട്ടു എന്നതാണ്. അവന്റെ അത്ഭുതകരമായ ജനനത്തെ മുൻകൂട്ടി അറിയിച്ചിരുന്നു. അവൻ എവിടെ ജനിക്കുമെന്നും അവന്റെ ജീവിതത്തെ കുറിച്ചും, അവന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയെ സംബന്ധിച്ചും പ്രവചിക്കയുണ്ടായി (യെശയ്യാവ് 53). യേശു തന്റെ ശിഷ്യന്മാരെ ഓർപ്പിച്ചുകൊണ്ടു പറയുന്നതു ശ്രദ്ധിക്കുക: പിന്നെ അവൻ അവരോടു: ഇതാകുന്നു നിങ്ങളോടു കൂടെ ഇരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെ കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കെയും നിവൃത്തിയാകേണം എന്നുള്ളതു തന്നേ എന്നു പറഞ്ഞു (ലൂക്കോസ് 24:44).

കന്യകയായിരുന്ന മറിയയിൽ അവൻ ജനിച്ചതുകൊണ്ടു ഞാൻ യേശുവിൽ വിശ്വസിക്കുന്നു. ഇതു യെശയ്യാവ് ഏഴാം അദ്ധ്യായം പതിനാലാം വാക്യത്തിൽ പ്രവചിച്ചിരുന്നു. മത്തായി 1:20-25 വരെയുള്ള വാക്യങ്ങൾ വായിക്കുക. കർത്താവിന്റെ ദൂതൻ യോസേഫിനോടു പറഞ്ഞതു: കർത്താവിന്റെ ദൂതൻ അവന്നു സ്വപ്നത്തിൽ പ്രത്യക്ഷനായി, ദാവീദിന്റെ മകനായ യോസേഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊൾവാൻ ശങ്കിക്കേണ്ട; അവളിൽ ഉൽപാദിതമായിരിക്കുന്നതു പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും എന്നു കർത്താവു പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതു നിവർത്തിയാകുവാൻ ഇതൊക്കെയും സംഭവിച്ചു. യോസേഫ് ഉറക്കം ഉണർന്നു കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ ചെയ്തു ഭാര്യയെ ചേർത്തുകൊണ്ടു. മകനെ പ്രസവിക്കുന്നതുവരെ അവൻ അവളെ പരിഗ്രഹിച്ചില്ല. മകനു യേശു എന്നു പേർ വിളിച്ചു.

അനേകം അത്ഭുതങ്ങൾ അവനു ചെയ്യാൻ കഴിഞ്ഞതു കൊണ്ടു ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു. വീര്യ പ്രവർത്തികൾ ഒന്നും ഒരു പ്രദർശനത്തിനു വേണ്ടിയോ അല്ലെങ്കിൽ വെറുതെ ആളുകളുടെ ശരീര സുഖം ലക്ഷ്യമാക്കിയോ ചെയ്തതല്ല. രോഗബാധിതരോടും അംഗഹീനരോടും അവനു മനസലിവുണ്ടായിരുന്നു എന്നതു പരമാർത്ഥമാണ്. കടലിനെ ശാന്തമാക്കി, കടലിന്മേൽ നടന്നു; വെള്ളത്തെ വീഞ്ഞാക്കി മാററി. ഇതു മാത്രമല്ല. അനേകം അത്ഭുതങ്ങളും അടയാളങ്ങളും അവൻ ചെയ്യുകയുണ്ടായി. ഈ അത്ഭുതങ്ങളും വീര്യപ്രവർത്തികളും എല്ലാം അവൻ ചെയ്തതു അവൻ ദൈവ പുത്രനാണെന്നു ആളുകൾ വിശ്വസിക്കേണ്ടതിനായിരുന്നു (യോഹന്നാൻ 20:30-31).

അവന്റെ മരണം, അടക്കം, ഉയർപ്പ് എന്നിവ കൊണ്ടു ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു. യെഹൂദന്മാർ അവനോടും അടയാളം ചോദിച്ചപ്പോൾ യേശു അവരോടു: ഈ മന്ദിരം പൊളിപ്പിൻ ഞാൻ മൂന്ന് ദിവസത്തിനകം അതിനെ പണിയും എന്നു ഉത്തരം പറഞ്ഞു (യോഹന്നാൻ 2:14). അവൻ തന്റെ ശരീരമെന്ന ആലയത്തെ കുറിച്ചാണ് പറഞ്ഞതെങ്കിലും അവർ മനസിലാക്കിയതു യെരൂശലേം ദേവാലയത്തെ കുറിച്ചാണ് എന്നത്രെ. രേഖകൾ തുടർന്നു വിവരിക്കുന്നതു, അവൻ കല്ലറ വിട്ട് ഉയിർത്തെഴുന്നേററ ശേഷം ശിഷ്യന്മാർക്കു ഓർമ്മ വരികയുണ്ടായി. അവന്റെ ശരീരത്തിൽ നിന്നു അവൻ മൂന്നാം നാൾ ഉയർത്തെഴുന്നേല്ക്കും എന്നു പറഞ്ഞതിന്റെ സാരം അവർക്കു ബോദ്ധ്യപ്പെട്ടതു പിന്നീടാണെന്നു മാത്രം. വേറൊരു വിധത്തിൽ പറഞ്ഞാൽ അവന്റെ ശരീരത്തെ നശിപ്പിച്ച ശേഷം, അഥവാ ക്രൂശിൽ തറെച്ച ശേഷം മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേററു. മത്തായി 27 ഉം 28 ഉം അദ്ധ്യായങ്ങളിൽ ആ സംഭവം വിവരിക്കുന്നുണ്ട്. കൊരിന്ത്യയിലുള്ളവരെ പൌലൊസ് ഓർപ്പിക്കുന്നതു സുവിശേഷത്തിന്റെ മഹത്വമായിരുന്നു (1 കൊരിന്ത്യർ 15:1-4). ഉയിർത്തെഴുന്നേററ കർ

ത്താവു് ശിഷ്യന്മാർക്കും അഞ്ഞൂറിൽ അധികം പേർക്കും ഒടുവിൽ പൌലൊസിനും പ്രത്യക്ഷനായി എന്നു പരാമർശിച്ചിട്ടുണ്ടു് (1 കൊരിന്ത്യർ 15:6-8).

യേശു ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം കഷ്ടം അനുഭവിപ്പാനും സ്വന്ത ജീവൻ പോലും ക്രിസ്തുവിനു വേണ്ടി കൊടുപ്പാനും തയ്യാറായവരുടെ പ്രവർത്തി നിമിത്തം ഞാൻ ക്രിസ്തുവിൽ വിശ്വസിക്കാനിടയായി. ഇതിനു പൌലൊസ് നല്ലൊരു ഉദാഹരണമാണു്. ക്രിസ്തു തനിക്കു പ്രത്യക്ഷനാകുന്നതുവരെ ക്രിസ്തുവിന്റെ ശത്രുവായി ക്രിസ്തുവിനെ ഉപദ്രവിച്ചവനായിരുന്നു അവൻ (പ്രവൃത്തി 9). അവൻ പിന്നീടു് കർത്താവിന്റെ കല്പന അനുസരിച്ചു രക്ഷ പ്രാപിക്കയും ശേഷിച്ച തന്റെ ആയുസ്സ് കർത്താവിനായി ചെലവിടുകയും ചെയ്തു. ഒടുവിൽ യോഹന്നാൻ ഒഴിച്ചു മററുള്ള അപ്പൊസ്തലന്മാർ ക്രിസ്തുവിനു വേണ്ടി രക്തസാക്ഷികളായി തീർന്നതു പോലെ അവനും ഒരു രക്ത സാക്ഷിയായി തീർന്നു എന്നു ഭൌതിക ചരിത്രം വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തു വെറും ഒരു മനുഷ്യൻ മാത്രമായിരുന്നെങ്കിൽ അവനും മററനേകം പേരും എന്തുകൊണ്ടു കർത്താവിനായി മരിക്കാൻ തയ്യാറായി? സത്യമായി അവൻ ദൈവ പുത്രനും കർത്താവും തന്നെ ആയിരുന്നു. അവൻ മരിച്ചതു നമ്മുടെ പാപങ്ങൾക്കു വേണ്ടിയായിരുന്നു എന്നതു വ്യക്തം. അതിനെ ഉറപ്പിക്കുന്നതായിരുന്ന അവരുടെ രക്ത സാക്ഷിത്വം.

അന്നുണ്ടായിരുന്നതു പോലെ ഇന്നും അവനുള്ള സ്വാധീനത്തിനു, ശക്തിക്കു കുറവൊന്നുമില്ല. ചരിത്രത്തിൽ നാം പരിശോധിച്ചാൽ അവനെ പോലെ സ്വാധീനം ചെലുത്തിയ വ്യക്തിത്വം മററാരിലും ഇല്ലായിരുന്നു എന്നു കാണാം. അവൻ നല്കുന്ന രക്ഷയും പ്രത്യാശയും നിമിത്തം ഞാൻ അവനിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നു (റോമർ 6:23; മർക്കൊസ് 16:13). നാം അവനെ ആരാധിച്ച് സേവിച്ച് വിശ്വസ്ത ജീവിതം നയിച്ചാൽ നമുക്കു ജീവന്റെ

കിരീടം നല്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട് (വെളിപ്പാട് 2:10). നാമെല്ലാവരും മരിക്കയും നമുക്ക് ഒരു ന്യായ വിധിയും ഉള്ളതു കൊണ്ടു ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു (യോഹന്നാൻ 12:18). നാം വചനം അനുസരിച്ചുവെങ്കിൽ അതേ വചനം തന്നെ ന്യായവിധിക്കുള്ള മാനദണ്ഡം ആകയാൽ നമുക്കു ഭയപ്പെടാനല്ല.

അവൻ വാഗ്ദാനങ്ങൾ പാലിക്കുന്നവനാകയാലാണ് ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നതു. മനുഷ്യർ ആരും തന്നെ അവരുടെ വാഗ്ദാനങ്ങൾ പൂർണ്ണമായി പാലിക്കാറില്ല. എന്നാൽ വാഗ്ദത്തം ചെയ്ത ദൈവം എപ്രകാരം വിശ്വസ്തൻ ആയിരുന്നുവോ അതുപോലെ തന്നെ പുത്രനായ ക്രിസ്തുവും തന്റെ ഭവനത്തിൽ വിശ്വസ്തനായിരിക്കുന്നു. അതുകൊണ്ടു നമുക്കു ധൈര്യ പൂർവ്വം അവനെ സമീപിക്കാം. അദ്ധ്വാനിക്കയും ഭാരം ചുമക്കുകയും ചെയ്യുന്നവരെ ആശ്വസിപ്പിക്കാമെന്ന് അവൻ പറഞ്ഞിരിക്കുന്നു. സമാധാനവും ആശ്വാസവും ഇല്ലാത്ത ആർക്കും അവൻ അതു നല്കുക തന്നെ ചെയ്യും. പക്ഷെ. വിശ്വാസത്തോടെ അവന്റെ അടുക്കൽ ചെല്ലണം (മത്തായി 11:28).

നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നുണ്ടോ? വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും എന്നു ബൈബിൾ പ്രസ്താവിക്കുന്നു (മർക്കൊസ് 16:16). മനസ്സിൽ മാത്രം ക്രിസ്തുവിനെ സ്വീകരിച്ചാൽ പോരാ. അവന്റെ ആജ്ഞകൾ അനുസരിച്ച് അവനെ അനുഗമിക്കണം. സത്യത്തിലും ആത്മാവിലും അവനെ നമസ്ക്കരിച്ച് അവനെ സേവിച്ച് വിശ്വസ്തമായി ജീവിക്കണം. എങ്കിലേ നിത്യ ജീവന്റെ പ്രത്യാശ നമുക്കു കിട്ടുകയുള്ളൂ. നിങ്ങൾ ഒരു വിശ്വാസി അല്ലെങ്കിൽ വിശ്വസിക്കുക. അനുസരണമുള്ള വിശ്വാസി ആവുക. ആത്മാക്കളുടെ കർത്താവിനെ നിഷേധിച്ചാൽ നിത്യ സമാധാനം നഷ്ടമാകും.

★

# പാപത്തിനെതിരായ പോരാടൽ

## ജോണി രാംസെ

ആത്മീയ മൂല്യത്തിന് പ്രാധാന്യം കല്പിക്കാത്ത ജനങ്ങൾ അധികമുള്ള കാലയളവ് എന്നുമുണ്ടല്ലൊ. ആളുകളുടെ വികാര വിചാരങ്ങൾ എന്നും ഇതിനെ സ്ഥിരീകരിച്ചുകൊണ്ടാണ് ഇരിക്കുന്നതു. ആത്മീയത ആളുകളുടെ മനസ്സിൽ കുറഞ്ഞു വരുവാനുള്ള നാലു കാരണങ്ങൾ പഴയ നിയമ പ്രവാചകനിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്: ദൈവം ജനത്തോട് ഭാരമുള്ളതൊന്നും ചെയ്വാൻ പറഞ്ഞിരുന്നില്ല. ദൈവം പറഞ്ഞതു: എന്റെ വാക്കു കേട്ടനുസരിപ്പിൻ; എന്നാൽ ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്ക് ജനമായും ഇരിക്കും. നിങ്ങൾ നന്നായിരിക്കേണ്ടതിന് ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ള വഴികളിലൊക്കെയും നടപ്പിൻ എന്നായിരുന്നു. എന്നാൽ അവർ അനുസരിക്കയോ ശ്രദ്ധിക്കയോ ചെയ്യാതെ തങ്ങളുടെ ദുഷ്ട ഹൃദയത്തിന്റെ ആലോചനയിലും ദുശ്ശാഠ്യത്തിലും നടന്നു. മുമ്പോട്ടല്ല; പുറകോട്ടു തന്നേ പൊയ്ക്കളഞ്ഞു (യിരമ്യാവ് 7:23-24).

മനുഷ്യർ പാപത്തോടു പോരാടുന്നതു നിർത്തുമ്പോൾ അവർ നരകത്തിന്റെ നായകനു അടിയറവു പറയുന്നു. പിശാചിനു കീഴ്പ്പെട്ട് അടിമകളായി മാറുകയാണ് അവർ. വളരെ എളുപ്പത്തിൽ ആളുകൾ പിശാചിനു ഇരയായി തീരുന്നുണ്ട്. ദൈവത്തോടു അടുക്കുവാനായി ആളുകൾ വളരെ പ്രയാസപ്പെടുകയും ചെയ്യുന്നു. പാപത്തെ അതിജീവിക്കുന്നതു ആളുകൾ വിട്ടുകളയുന്നതു എന്തുകൊണ്ടാണ് എന്നു ചിന്തിച്ചിട്ടുണ്ടോ? തുറന്ന മനസ്സോടെ ഓരോരുത്തരും ഇതു മനസിലാക്കേണ്ടതാണ്. തെററിനോട് എതിർക്കുവാനുള്ള ശക്തി നഷ്ടപ്പെടുന്നതു എന്തു കൊണ്ടാണ്? ഭൂരിപക്ഷം ആളുകളും അങ്ങനെ ചെയ്യുന്നുണ്ടല്ലൊ എന്ന് ന്യായീകരണം ഉന്നയിക്കുന്നവർ ഉണ്ട്. പക്ഷെ അതു ഒഴിഞ്ഞു മാറുവാനുള്ള തന്ത്രം മാത്രമാണ്.

മുഖ്യമായ കാരണം സുവ്യക്തമാണ്. പാപം ചെയ്യുമ്പോൾ താല്ക്കാലികമായി അനുഭവപ്പെടുന്ന സുഖം അവർ ഇഷ്ടപ്പെടുന്നു. പ്രാകൃത മനസുള്ള വ്യക്തി, വെളിച്ചത്തിൽ വസിക്കുന്ന വിശുദ്ധരുമായി സഹവാസം ചെയ്യുവാനല്ല; പിന്നെയോ ദുഷ്ടന്മാരുമായിട്ടാണ് കൂട്ടുകൂടുവാൻ ആഗ്രഹിക്കുന്നതു. ജീവജലത്തിന്റെ പരിപാവനതയെക്കാൾ അവർ ഇഷ്ടപ്പെടുന്നതു പാപത്തിന്റെ ഫലമാകുന്ന ലജ്ജയും കയ്പേറിയ അനന്തര ഫലവുമാണ്. പാപത്തെ ഉപേക്ഷിക്കുക എന്നതു ഏറ്റവും വലിയ അസൗകര്യമായി പിശാച് അവരെ തോന്നിപ്പിക്കുന്നു. പാപത്തിന്റെ സുഖവും സുഖത്തിനു വേണ്ടിയുള്ള പാപവും ആളുകളുടെ സിരകളിൽ അലിഞ്ഞു ചേർന്നിരിക്കുന്നതായി തോന്നുന്നു. ഒരിക്കൽ സമൂഹത്തിൽ വിരളമായി കേട്ടിരുന്ന തെറ്റുകൾ ഇന്നു സാധാരണ സംഭവമായി തീർന്നിരിക്കുന്നു. തെറ്റു ചെയ്യുവാൻ ആളുകൾക്കു യാതൊരു വൈമനസ്യവും കാണുന്നില്ല.

ലൗകിക കാഴ്ചപ്പാടുകൾ ഉള്ളവർ തങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ നിറവേറ്റുന്നതിൽ തല്പരരാണ്. ആ വ്യഗ്രതയിൽ അവർ തിന്മകൾ പ്രവർത്തിക്കാൻ പ്രേരിതരാകുന്നു. ചെയ്യരുതെന്ന് ആഗ്രഹമുള്ള കാര്യങ്ങൾ ചെയ്തു പോകുന്നു. അവരുടെ മനസാക്ഷി മുരടിച്ചു പോയി എന്നു പറഞ്ഞു കേൾക്കാറില്ലേ. വാസ്തവത്തിൽ അങ്ങനെ സംഭവിച്ചു പോയി. സുഖലോലുപതക്കായി അവർ അരുതാത്തതു പ്രവർത്തിക്കുകയാണ്. തിന്മയോട് പൊരുതുവാനുള്ള ശക്തി സംഭരിക്കുവാൻ ലോക സുഖം കൈവെടിയണം. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവാനുള്ള മനസ് ഉണ്ടെങ്കിൽ അതിനു കഴിയും. പുതിയ ജീവിതത്തിലേക്ക് തിരിയുന്ന ഏതൊരു വ്യക്തിയും പാപത്തോട് പോരാടേണ്ടി വരും. ജഡത്തിന്റെ ഇച്ഛകളെ ഉപേക്ഷിക്കുവാൻ സ്വയം തീരുമാനം എടുക്കണം.

ലോകത്തിൽ കോടിക്കണക്കിന് ആളുകൾ പാപത്തോട് പാപം കൂട്ടികൊണ്ടിരിക്കയാണ്. ആദ്യം ചെറിയ തോതിൽ തുടങ്ങുകയും പിന്നീട് വർദ്ധിച്ചു വരികയും ചെയ്യുന്നു.

സൂത്രശാലിയാണ് പാപമെന്ന് പറയാം. മനുഷ്യനെ കെണിയിൽ അകപ്പെടുത്തി ചതിക്കുകയാണ് ചെയ്യുന്നത്. അവസാനം അതിൽ മുങ്ങി മുങ്ങി നശിക്കുവാൻ ഇടയാകുന്നു. ശാരീരികമായി വ്യഭിചാരം ചെയ്യുന്നവരും ആത്മീയമായി വ്യഭിചാരം ചെയ്യുന്നവരും ലോകത്തിൽ ഉണ്ട്. അന്യ പുരുഷൻെറ അടുക്കൽ പോകുന്ന ഭാര്യയും അന്യ സ്ത്രീയുടെ അടുക്കൽ പോകുന്ന ഭർത്താവും വ്യഭിചാര പ്രവർത്തി ചെയ്യുന്നു. വിവാഹം കഴിക്കാത്തവരും ചിലർ അങ്ങനെ ചെയ്യുന്നുണ്ട്. ''ഞാനല്ലാതെ അന്യ ദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്'' എന്നു ദൈവം കല്പിച്ചിരിക്കുന്നു. പക്ഷെ മനുഷ്യർ ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ച് ജീവനില്ലാത്തവയെ ദൈവം എന്നു നിരൂപിക്കുന്നു. ഇതു ആത്മീയമായ വ്യഭിചാരമാണ് അവർ തങ്ങളുടെ ജഡിക ബുദ്ധിയോട് പോരാടുന്നില്ല. യഥാർത്ഥ ദൈവത്തിങ്കലേക്ക് അവർ തിരിയണം.

ജഡത്തിനു മാത്രം അവസരം കൊടുത്തതുകൊണ്ടു സ്വന്തം ഇഷ്ടമനുസരിച്ച് പാപത്തിൽ രസിക്കുന്നവരെ കുറിച്ച് ഓർക്കുമ്പോൾ നമുക്കു സഹതപിക്കാനേ കഴിയുന്നുള്ളു. അവർക്കു വരാൻ പോകുന്ന ശിക്ഷാവിധിയെ കുറിച്ച് ചിന്തിക്കുമ്പോഴാണ് ഭയം. അവർ ശിക്ഷയെ കുറിച്ച് ബോധവാന്മാരല്ല. അതുകൊണ്ടാണ് അതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കാത്തത്. അഗാധ ഗർത്തത്തിൽ വീണു കഴിഞ്ഞ ഒരാൾ അതിൽ നിന്നു രക്ഷപ്പെടാൻ പററുമോ എന്നു നോക്കും. കാരണം അല്ലെങ്കിൽ അയാൾ അവിടെ കിടന്നു മരിച്ചു പോകും. പാപത്തിൻെറ ശമ്പളം മരണമെന്ന സത്യ വസ്തുത അവർ അറിഞ്ഞിരുന്നെങ്കിൽ പാപ വഴി അവർ ഉപേക്ഷിക്കുമായിരുന്നു.

ഇരുട്ടിൻെറ നിഷ്ഫലമായ പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത് അവയെ ശാസിക്കയത്രെ വേണ്ടത്. അവർ ഗൂഢമായി ചെയ്യുന്നതു പറവാൻ പോലും ലജ്ജയാകുന്നു. അവയെ ശാസിക്കുമ്പോഴോ സകലത്തെയും കുറിച്ചു വെളിച്ചത്താൽ ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവ

ല്ലൊ. സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ. സകല വിധ ദോഷവും വിട്ടകലുവിൻ (എഫെസ്യർ 5:11; 1 തെസലൊനിക്യർ 5:22). ഈ വചനങ്ങൾ നാം അക്ഷരം പ്രതി അനുസരിച്ചാൽ പാപ പ്രശ്നം നമ്മെ കീഴ്പ്പെടുത്താതിരിക്കും. തെററിനോട് കൂട്ടു കൂടരുത്; അവയെ ശാസിക്കയാണ് വേണ്ടത്. ദോഷം വിട്ടോടുവാനാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിൻെറ നാമം ധരിച്ചിരിക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികൾ അകൃത്യം വിട്ടകലുന്നു. സൗകര്യത്തിനു വേണ്ടി വിട്ടുവീഴ്ച്ച ചെയ്യുന്ന ആളുകൾ പിന്നീട് കർത്താവിൽ നിന്നകന്നു വിശ്വാസ ത്യാഗത്തിലേക്ക് നീങ്ങുന്നു. പിശാചിനോട് നാം എതിർത്തു നിന്നില്ലെങ്കിൽ അവൻ ഒരിക്കലും നമ്മെ വിട്ട് ഓടി പോകയില്ല.

പരീക്ഷണങ്ങൾ നേരിടുമ്പോൾ അതിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ ദൈവം നീക്കുപോക്കു ഒരുക്കും എന്ന വാഗ്ദാനം നമ്മുടെ ഹൃദയത്തിനു ചൂടേകുന്ന ഒരു വെല്ലുവിളി ഉയർത്തുവാൻ സഹായകരമല്ലേ? 1 കൊരിന്ത്യർ 10-ാം അദ്ധ്യായത്തിൽ ദൈവ ജനത്തിനു സംഭവിച്ച താഴ്ച്ചയും വീഴ്ച്ചയും ദൈവശ്വാസീയമായി പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നു. അവരോ നമ്മളോ ദൈവത്തിൽ നിന്നും അകന്നു പോകേണ്ട ആവശ്യമില്ല. സ്വർഗ്ഗീയ പ്രഭു നമ്മുടെ ഹൃദയങ്ങളിൽ വസിക്കാൻ തുടങ്ങുമ്പോൾ അവൻെറ തേജസിൻേറയും കൃപയുടേയും സമ്പത്ത് നമുക്ക് അനുഭവിക്കാൻ കഴിയും. ലോകത്തിൽ ഉള്ളവനേക്കാൾ ശക്തി ശാലിയാണ് നമ്മളിൽ ഉള്ളവൻ. അവൻ ലോകത്തെ ജയിച്ചിരിക്കയാൽ നമുക്കും അവൻ ജയം നല്കും.

പാപതല്പരർ അതിന്നു കൊടുക്കേണ്ടി വരുന്ന വില ഏററവും വലുതാണ്. അവരുടെ ബുദ്ധിയിൽ അതു തെളിവാകുന്നില്ല. മഹത്വകരമായ ക്രിസ്ത്യാനിത്വത്തിൻെറ പറഞ്ഞറിയിക്കാൻ പററാത്ത സന്തോഷം അവർ നഷ്ടമാക്കുന്നു.

★

# മാററണോ അതോ മരിക്കണമോ?

**ആൽ ബ്രൌൺ**

ജീവിത നൈരാശ്യം മൂത്ത് ഒരു ലോല ഹൃദയൻ ഒരിക്കൽ ആത്മഹത്യക്കായി ഒരുങ്ങി. ചീറിപായുന്ന ട്രെയിനിൻെറ മുൻപിൽ ചാടി മരിക്കാമെന്ന ചിന്തയോടെ പോയി. പോകുന്ന വഴിയിൽ അദ്ദേഹത്തിനു ഒരു ചെറിയ ലഘുലേഖ വഴിയിൽ കിടന്നു കിട്ടി. അതു മുഴുവൻ ശ്രദ്ധയോടെ വായിച്ചു. വായിച്ചു കഴിഞ്ഞപ്പോഠം അയാഠംക്കു ഒരു ചിന്താ കുഴപ്പം സംഭവിച്ചു. ജീവിതത്തിൽ മാററമാണോ ആവശ്യം അതോ മരണമാണോ ആവശ്യം എന്നതായിരുന്നു അതിലെ ചോദ്യം. ജീവിതത്തെ മാററിയാൽ മരണമില്ലാതെ ജീവിക്കാമെന്നു എഴുതിയ വരികഠം അയാളെ വല്ലാതെ ചിന്തിപ്പിച്ചു. ഒടുവിൽ അയാഠം ജീവിത ശൈലി മാററി ജീവിക്കാൻ തീരുമാനിച്ചു.

സ്വാതന്ത്ര്യത്തിൻെറ പേരിലുള്ള അവിശ്വാസം അതിനെത്തന്നെ പല രീതികളിൽ ഒററികൊടുക്കുന്നുണ്ട്. ഇന്നു ചില ആളുകഠം ബൈബിഠം ദൈവശ്വാസീയമെന്നു വിശ്വസിക്കയും പറയുകയും ചെയ്യുന്നുണ്ടെങ്കിലും ബൈബിഠം പറയുന്ന ദൈവശ്വാസീയത്തിൻെറ അടുത്തു പോലും അവർ എത്തുന്നില്ല. ഒരു വ്യക്തി തെററായ വഴിയിൽ സഞ്ചരിക്കുന്നുവെങ്കിൽ അയാഠംക്കു മാററം അനിവാര്യമാണ്. തെററായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഇടവകയുണ്ടെങ്കിൽ അതിനു മാററം ആവശ്യമാണ്. വെളിപ്പെടുത്തപ്പെട്ട ദൈവ ജ്ഞാനത്തിലുള്ള അജ്ഞതകൊണ്ടോ അവഗണനകൊണ്ടോ അങ്ങനെ സംഭവിക്കുന്നു. പ്രതിവിധിയാണ് മാററം. മാററമില്ലാത്ത വചനം സ്ഥിരമായി ഇന്നും നില്ക്കുന്നതു മനുഷ്യ നന്മക്കായിട്ടാണ്. മനുഷ്യർ തിന്മയെ തിരഞ്ഞെടുത്തു മോശമായി ജീവിക്കുമ്പോഠം അവർ മാററണമെന്ന് ദൈവം അവരോട് പ്രബോധിപ്പിക്കുന്നു. അതിനു തയ്യാറാകാത്തവർ മരണത്തിനു ഇരയായി തീരുന്നു.

ബൈബിൾ ഒരു മാനുഷിക ഉല്പന്നമായിരുന്നെങ്കിൽ ആളുകളുടെ ന്യായവാദങ്ങൾ സമ്മതിക്കാമായിരുന്നു, പക്ഷെ മനുഷ്യ ബുദ്ധി പരിമിതമാണ്. എല്ലാ കാലത്തേക്കും എല്ലാ തലമുറകൾക്കും ഏതു തരക്കാർക്കും ജീവിക്കുന്നതിനു യോജിച്ച ഒരു സഹായി രൂപപ്പെടുത്താൻ മനുഷ്യനാൽ അസാദ്ധ്യം തന്നെ. പൂർണ്ണമായ ജീവിതത്തിന് വേണ്ട ഒരു മാതൃകാ ഘടന ഒരു തലമുറക്കെങ്കിലും ജീവിക്കാനുതകുന്ന വിധത്തിൽ ഉണ്ടാക്കുക പ്രയാസമാണ്. ഇരുപതാം നൂററാണ്ടിലെ സാമൂഹ്യ ശാസ്ത്ര ഗവേഷകന്മാർ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ യോജിച്ച് പരിശ്രമിച്ചു എങ്കിലും എങ്ങനെ നല്ല ജീവിതം നയിക്കാമെന്നതിനെ സമ്മതിച്ചു അനുയോജ്യമായ ഒരു തീർപ്പിൽ എത്തുവാൻ കഴിഞ്ഞില്ല. ഈ കാര്യത്തിൽ അവർക്കു യാതൊരു സംഭാവനയും നൽകാൻ കഴിഞ്ഞില്ല.

മതപരമായ പ്രമാണങ്ങളോടുള്ള മനുഷ്യന്റെ ഉൾക്കാഴ്ച്ചയും പ്രതിബദ്ധതയും നാം ഗൗരവമായി പരിശോധിച്ചാൽ സമൂഹം ദ്രവിച്ചുകൊണ്ടിരിക്കുന്നു എന്നു പറയാം. കാരണം അവരുടെ മതപരവും ധാർമ്മികവുമായ കാര്യങ്ങളിൽ വർഗ്ഗീയതയും സ്വജന പക്ഷവാദവും ഉയർന്നു നില്ക്കുന്നു. മനുഷ്യൻ എന്തു വിതെക്കുന്നു; അതാണല്ലൊ കൊയ്യുന്നതു. കുററങ്ങൾ നമ്മെ മൂടിക്കൊണ്ടിരിക്കുന്നു. കോതികൾ നിസഹായത പുലർത്തുന്നു. നിയമ പാലകർക്കു സംരക്ഷണം വരുത്തുവാൻ പററാത്തതുകൊണ്ടു കയ്യൂക്കുള്ളവൻ കാര്യക്കാരൻ ആയി മാറുന്നു. അതുകൊണ്ടു കൂലിതല്ലും, അക്രമവും, പിടിച്ചു പറിയും ഗുണ്ടായിസവും വർദ്ധിച്ചു വരുന്നു. മദ്യവും മയക്കു മരുന്നും യഥേഷ്ടം വില്ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. വ്യഭിചാര കുററങ്ങൾ അനുദിനം ഏറി വരുന്നു. വിവാഹ മോചനങ്ങൾ കൂടിക്കൊണ്ടിരിക്കയാണ്. കുട്ടികളെ നിന്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്തുവരുന്നു. കൊലപാതകങ്ങളുടെ എണ്ണം പെരുകി വരുന്നു. തടവിൽ കുററവാളികൾ നിറഞ്ഞു കവിയുന്നു. തീവ്രവാദികളുടെ കാര്യം

പറയാനുമില്ല. നീതി ജാതിയെ ഉയർത്തുന്നു എങ്കിൽ പാപമോ അപമാനം വരുത്തുന്നു (സദൃശവാക്യങ്ങൾ 14:34).

മനുഷ്യ മനഃസാക്ഷി മരവിച്ചുകൊണ്ടിരിക്കയാണ്. സംസ്ക്കാരം എത്രയോ ഉയർന്നു എന്നാണ് ചിലർ പാടിപുകഴ്ത്തുന്നതു. പക്ഷെ വാസ്തവത്തിൽ മാനവ സംസ്ക്കാരം ഇന്നു അധഃപ്പതനത്തിൻെറ പാതയിലാണ്. സഹോദരനെയും സഹോദരിയെയും, മാതാപിതാക്കളേയും മക്കളേയും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിൽ താഴ്ന്നു പോയിരിക്കുകയാണ് ആളുകളുടെ ജീവിതം. മതത്തിലായാലും, ധാർമ്മികതയിൽ ആയാലും, വ്യാപാരങ്ങളിലോ, കലയിലോ ഏതു മേഖലയിലായാലും സ്ഥിതി വളരെ പരിതാപകരം തന്നെയാണ്.

നമുക്കു ചുററും അറിയപ്പെടുന്ന നാമധേയ വിഭാഗങ്ങൾ എല്ലാം തന്നെ ക്രിസ്തുവിനെ മുറുകെ പിടിക്കയും അവൻെറ ഉപദേശങ്ങളെ കാററിൽ പറത്തുകയും ചെയ്തിരിക്കയാണ്. പാരമ്പര്യത്തെയും മനുഷ്യരുടെ കല്പനകളെയും ആചരിച്ചുകൊണ്ട് തങ്ങളും ക്രിസ്ത്യാനികളെന്നു അവർ അവകാശപ്പെടുന്നു. അവർ ക്രിസ്തുവിൻെറ അധികാരത്തിനു കീഴ്പ്പെടാതെ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു വെറുതെ പറയുന്നു. ക്രിസ്ത്യാനിത്വത്തിൻെറ ധാർമ്മികതയെയും പുതിയ നിയമ പ്രസക്തിയെയും ഇല്ലായ്മ ചെയ്യുന്നവരാണ് അവർ. ചിലർ പുതിയ നിയമ പരിജ്ഞാനത്തെ മാനുഷികമെന്ന ധാരണയിൽ അവഗണിച്ചിരിക്കയാണ്.

മാനുഷിക ശ്രമങ്ങൾ എല്ലാം മാറിക്കൊണ്ടിരിക്കുന്നു. കാലോചിതമായ മാററങ്ങൾ അതിനു വേണ്ടി വരുന്നു. കാരണം മനുഷ്യൻെറ അറിവിനു പരിമിതികളുണ്ട്. തികവില്ലാതെജീവിതം നയിക്കുന്നവർ തികവിലേക്ക് നീങ്ങേണ്ടി വരും. ബൈബിളിലുള്ള ആളുകളുടെ വിശ്വാസത്തിൻെറ കാര്യത്തിലും അറിവില്ലാതെ വിശ്വസിച്ചു വരുന്നതും ആ

ചരിച്ചു വരുന്നതുമായ പലതും മാറേറണ്ടിയിരിക്കുന്നു. ബൈബിളിലെ ഉപദേശങ്ങൾ ദൈവശാസ്ത്രീയമാണെന്നും വിശ്വാസയോഗ്യമാണെന്നും അവർ മനസിലാക്കണം. പരിശുദ്ധാത്മാവ് നേരിട്ട് ആളുകളോട് സംസാരിച്ച് വെളിപ്പെടുത്തികൊടുത്ത സത്യമാണ് അവർ രേഖപ്പെടുത്തിയിരിക്കുന്നതു. ഏതു കാലത്തു ജീവിക്കുന്ന ഏതൊരു മനുഷ്യനും പ്രയോജനപ്പെടുന്ന ആത്മീയ ഉപദേശങ്ങളാണ് നല്കിയിരിക്കുന്നത്.

പുരാതന കാലം മുതൽ നിലനില്ക്കുന്ന പരിഷ്ക്കര രീതി ഇന്നും മനുഷ്യർ പിൻ പററുന്നു. അനേക രാജ്യങ്ങളിൽ സ്വീകരിച്ചിരിക്കുന്ന ഭരണ ഘടനാ നിയമങ്ങൾ പരിശോധിച്ചാൽ മാററം വരുത്താത്ത ചില നിയമാവലികൾ വളരെക്കാലമായി തുടരുന്നുണ്ട്. മാനുഷികമായതുകൊണ്ടല്ല; പിന്നെയോ ദൈവികമായതുകൊണ്ടാണ്. ദൈവം നേരിട്ട് ഇടപെടാതെ മനുഷ്യരിൽ കൂടെ ഇടപ്പെട്ട് മനുഷ്യർക്ക് ആവശ്യമായ ഉപദേശങ്ങളും കല്പനകളും കൊടുക്കുകയാണ് ചെയ്യുന്നതു. അതു തെളിയിക്കപ്പെട്ടുകഴിഞ്ഞാൽ വിശ്വസിക്കാമല്ലൊ. ദൈവത്തിൻെറ അരുളപ്പാടാണ് തങ്ങൾ സംസാരിച്ചതെല്ലാമെന്ന് അവർ അത്ഭുതങ്ങളാലും അടയാളങ്ങളാലും തെളിയിച്ചിട്ടുണ്ട്. അങ്ങനെ ഉറപ്പു വരുത്തിയ വചനത്തെ എങ്ങനെ നിഷേധിക്കാൻ പററും? മനസു മാററി, ജീവിതം മാററി ദൈവ മുൻപാകെ ശരിയായി കാണുവാൻ തീരുമാനം എടുക്കുക. അങ്ങനെ നിത്യ മരണം ഒഴിവാക്കുക.

★

# ജ്ഞാനമുള്ള അനുയായികൾ കണ്ടെത്തുന്നതെന്ത്?

നീൽ പൊളാർഡ്

ഒരു ഡ്രൈവർ വണ്ടി ഓടിക്കുമ്പോൾ ധാരാളം അടയാളങ്ങളും നിർദ്ദേശങ്ങളും റോഡരികിൽ എഴുതിയിരിക്കുന്നതു ശ്രദ്ധിക്കാറുണ്ട്. ഒരിക്കൽ ഒരു ഡ്രൈവർ ഇപ്രകാരം ഒരു കുറിപ്പ് മുന്നറിയിപ്പായി റോഡരികിൽ എഴുതിയിരിക്കുന്നതുകണ്ടു. ''നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന റോഡ് ശരിയായതോ എന്നു ഉറപ്പു വരുത്തുക. കാരണം 20 മൈൽ യാത്ര ചെയ്താലേ നിങ്ങൾക്കു പിന്നെ തിരിച്ചു വരാൻ സാധിക്കൂ''. ഈ അറിയിപ്പ് ഡ്രൈവർക്കു എത്രമാത്രം പ്രയോജനം ചെയ്യുന്നു എന്നു നമുക്കറിയാം. നമ്മൾ എല്ലാവരും ജീവിത യാത്രയിലാണല്ലൊ. ഓരോരുത്തരും ഓരോ പാത തിരഞ്ഞെടുത്തിരിക്കയാണ്. നമ്മുടെ തിരഞ്ഞെടുപ്പ് അനുസരിച്ച് ചിലപ്പോൾ നാം ഗതിമാറി സഞ്ചരിക്കാറുണ്ട്. അതു നല്ലതായാലും മോശമായാലും ആ തീരുമാനത്തിന്റെ അനന്തര ഫലമാണ് നാം ജീവിതത്തിൽ നേരിടുന്നതു. അതായതു ഓരോരുത്തരുടേയും ഇഛാ ശക്തി അനുസരിച്ചാണ് തങ്ങളുടെ പ്രവൃത്തി നടത്തുന്നതു എന്നർത്ഥം.

ചതിയും വഞ്ചനയും ഉള്ള ലോകത്തിലാണ് നാം വസിക്കുന്നതു. അതുകൊണ്ടു കബളിപ്പിക്കപ്പെടാതിരിക്കാൻ നാം തന്നെ ശ്രമിക്കണം. അപ്പൊസ്തലനായ പൌലൊസ് ഗലാത്യയിലെ വിശുദ്ധന്മാരോടു പറഞ്ഞിരിക്കുന്നതു അതു തന്നെയാണ്. അന്നു അവരെ ദുരുപദേഷ്ടാക്കന്മാർ വന്നു അനുസരിക്കേണ്ടതില്ലാത്ത കാര്യങ്ങൾ ചെയ്യിപ്പിച്ചു. ആത്മാക്കളുടെ നാശമാണ് ഫലമെന്ന് അവർ അറിയുന്നതേയില്ല. നമുക്ക് ആ വേദഭാഗം പരിശോധിക്കാം. ''വഞ്ചനപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചു കൂടാ; മനുഷ്യർ വിതെക്കുന്നതു തന്നെ കൊയ്യും. ആ

ത്മാവിൽ വിതെക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നു നാശം കൊയ്യും'' (ഗലാത്യർ 6:7-8). ജഡിക ജീവിതം താല്ക്കാലികമാണെങ്കിൽ ആത്മിക ജീവിതം അനശ്വരമാണ്. അതുകൊണ്ട് അനശ്വരമായ ഒന്നിനെ നശ്വരമായ മറ്റൊന്നുകൊണ്ടു നശിപ്പിക്കരുത്. ജഡികവും ആത്മികവും തമ്മിലുള്ള വ്യത്യാസം മനസിലാക്കാത്ത ആളുകളെ ഇന്നു ദുരുപദേശങ്ങൾ വഞ്ചിച്ചുകൊണ്ടിരിക്കുന്നതു.

പൗലൊസ് നല്കുന്ന താത്വികമായ ചിന്ത എത്ര അർത്ഥവത്താണ് എന്നു ആലോചിച്ചു നോക്കുക. എന്തുകൊണ്ടാണ് അനവധി ആളുകൾ തെററായ നിയന്ത്രണത്തിനു വിധേയമായി തെററായ വഴിയിൽ നടക്കുന്നതു? ചിലർ ആളുകളെ തെററായി നയിക്കുകയാണ്. പക്ഷെ ആളുകൾ അവരെ അനുഗമിക്കുന്നുവല്ലൊ. ആത്മീയമായ ഉറപ്പ് എന്തുകൊണ്ടാണ് അധികം പേർക്കും പ്രയോജനമായി അനുഭവപ്പെടുന്നത്? വ്യക്തികളെ വീക്ഷിച്ചാൽ അവർ തെററുകൾ ആവർത്തിച്ച് ആവർത്തിച്ച് ചെയ്യുന്നതു കാണാം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽ വർദ്ധിച്ചു വരുന്നതല്ലാതെ കുറയുന്നില്ല. വിദ്യാഭ്യാസം കൂടുന്തോറും അതു കൂടുകയല്ലാതെ വ്യത്യാസം പോലും കാണുന്നില്ല. സമുദായങ്ങളുടെ ചട്ടക്കൂടിനുള്ളിൽ ആളുകളെ ബന്ധിച്ചിടുന്ന തന്ത്രങ്ങളും ഉപായങ്ങളും ഇന്നും വിലപ്പോവുക തന്നെ ചെയ്യുന്നു. ലോക ജ്ഞാനമോ മാനുഷികമായ ബുദ്ധിയോ ദൈവത്തിന്റെ ജ്ഞാനത്തെ അറിയാൻ മുതിരുന്നില്ല. അതുകൊണ്ടു മനുഷ്യർ തങ്ങളുടെ വഴിയിൽ സംതൃപ്തരാകുന്നു.

ദുരുപദേഷ്ടാക്കളുടെ പിടിയിൽ അമർന്നിരിക്കുന്ന ആളുകൾ അവരെ അന്ധമായി അനുഗമിക്കുകയാണ്. സമൂഹത്തിൽ മോശമായ ജീവിതം നയിക്കുന്ന അദ്ധ്യക്ഷന്മാരായാലും ശരി അവരുടെ മാന്ത്രിക വലയത്തിൽ കുടുങ്ങിയിരിക്കുകയാണ് ജനങ്ങൾ. എന്നാൽ അവർക്കിടയിൽ ആത്മാർത്ഥമായി ജീവിക്കുന്ന അദ്ധ്യക്ഷന്മാരുണ്ട്.

സത്യം അനുസരിച്ച് ജീവിക്കുന്ന അവരെ അനുഗമിക്കാൻ ന്യൂനപക്ഷമെ ഉണ്ടാവു. മതപരമായി നല്ല ആളുകൾ പാരമ്പര്യത്തേയും മാനുഷ കല്പനകളേയും പിൻ പററുന്നതുകൊണ്ടു ദൈവിക രക്ഷ അവർക്കു അന്യമാവുന്നു. ദൈവ വചനത്തിനു വിരുദ്ധമായിട്ടാണ് അവർ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നത്. പിശാചാണ് ഇവരെ നയിക്കുന്നതു എന്ന വാസ്തവം അവർ അറിയുന്നില്ല. ലോകത്തിന്റെ പ്രേമം അവരെ കുരുടാക്കി മാററിയിരിക്കുന്നു. അവരുടെ പ്രവർത്തികളും മററും അവിശ്വാസികൾ ചെയ്യുന്നതിനു തുല്യമാകുന്നു. ലൗകിക ജീവിതത്തെ മാത്രം മുൻ കാണുന്ന ആളുകളും ധാരാളമുണ്ട്. അവർക്കു ദൈവിക കാര്യങ്ങളിൽ താല്പര്യമില്ല. ഈ ഭൂമിയിലെ വാസം മാത്രമെ അവർക്കുള്ളു എന്ന ധാരണയാണ് അവർക്ക്. പക്ഷെ വേദിക്കേണ്ടി വരുന്നതു മരണത്തിനു ശേഷമാണ്. അവർക്ക് പിന്നീട് അതിൽ നിന്നു മോചനമേയില്ല എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു.

നാമധേയ വിഭാഗങ്ങൾ എല്ലാം അനുഗമിക്കുന്നതു അവരുടെ വിഭാഗത്തെയാണ്. അതിനപ്പുറമായ സത്യമുണ്ടെന്ന ധാരണയേ അവർക്കില്ല. നീതിയുടെയും കരുണയുടേയും വഴി അവർ മറന്നുപോയിരിക്കയാണ്. അവരെ മഥിക്കുന്ന പ്രശ്നം സാമൂഹ്യ നിലനില്പും അംഗീകാരവുമാണ്. ദൈവത്താലുള്ള അംഗീകാരം അവർ ഓർക്കുന്നില്ല. അവർ ബൈബിളിൽ വിശ്വാസം അർപ്പിച്ചിട്ടുണ്ട്. പക്ഷെ അവർക്ക് അതു രക്ഷാകരമെന്ന് അവർ അംഗീകരിക്കാത്ത പ്രവർത്തികളാണ് അവരിലുള്ളത്. ദൈവത്തിന്റെ രക്ഷാ പദ്ധതിയെ നിശേഷം തള്ളിക്കളഞ്ഞു മനുഷ്യരുടെ പദ്ധതിയെ അവർ പൂർവ്വമായി സ്വീകരിക്കുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

★

കവിത

# ലോകം

E.K. കൊച്ചുകുഞ്ഞ്, തേപ്പുപാറ

മിന്നുന്ന വെള്ളിടിവെട്ടുന്നതാലൊരു,
വിള്ളലും ഞെട്ടലും വീഴുന്നുഭൂമിയിൽ.
ഭൂകമ്പത്താലൊരു മാമലപൊട്ടുന്നു,
തട്ടിതകരുന്നു മാനവരത്രയും.

പഞ്ചഭൂതങ്ങളെ പൂജിച്ചുണർത്തുന്ന,
നെഞ്ചകം പൊട്ടുന്ന വിസ്മയ ലോകത്തിൽ.
കൊല്ലാകൊലകളും പൊള്ളത്തരങ്ങളും
ഏറെയതുണ്ടെന്നു ചൊല്ലാതറിയുമെ.

കാലം കലിയുഗപേക്കോലതുള്ളലാൽ,
കാഞ്ചിവലിക്കുന്നു ഗുണ്ടുവെടിക്കുന്നു.
ഓരോ ദിവസവും ചാവുംകരച്ചിലും
കേൾക്കുന്നുകാതിൽ അലയടിച്ചെപ്പൊഴും.

നാളെവെളുപ്പിനു പാരിൽ പിറന്നവ,
എത്രപേർ ജീവനെടുക്കുമെ കൂട്ടരെ.
കാരണമെന്തെന്നു കേൾക്കുകിൽ ചൊല്ലുമേ,
പാപവും ശാപവുമാണെന്റെ കൂട്ടരെ.

നീതിയെന്നുണ്ടെന്നു കിട്ടുമെന്നാശിച്ചു,
കാത്തിരിക്കുന്നൊരു കൂട്ടമതെപ്പൊഴും.
സത്യം പറഞ്ഞാൽ കളവെന്നുചൊല്ലുന്ന,
നെഞ്ചകം പൊട്ടുന്ന വഞ്ചകലോകത്തിൽ.

നീതി നടത്തുവോരാരുണ്ടു കേൾക്കുകിൽ,
ആരേയും കണ്ടില്ല കണ്ടതുമില്ലഹോ.
ആകയാലൊന്നുണ്ടു ചൊൽവതുകേൾക്കുകി
ലാശവരുന്നൊരുനേശക്കുമാരന്റെ.

വാക്കുകൾ കേൾക്കുകിലന്തം വരിക്കുമേ,
സ്വർഗ്ഗകവാടം തുറക്കുമേ നിശ്ചയം.
ക്രിസ്തുവിൽ ചേരുവിൻ മാനസ്സംമാററുവിൻ
പാപമില്ലാത്തൊരു ലോകത്തിലെത്തുവിൻ.

★

# ക്രിസ്തുവിൻെറ ഉപദേശത്തേക്കാൾ കൂടുതൽ എന്തെങ്കിലും മനുഷ്യനു ആവശ്യമുണ്ടോ?

ബിൽ ബ്രൌൺ

ഉപദേശത്തെയും പ്രസംഗത്തെയും പററി പ്രതിപാദിക്കുമ്പോഴെല്ലാം പറഞ്ഞു കേൾക്കാറുള്ള പ്രസ്താവനയാണ് ''പ്രായോഗികമായ എന്തെങ്കിലും നല്കു'' എന്നതു. അടിസ്ഥാന പരമായ വിശ്വാസത്തിൽ നിന്നും അകന്നു മാറുവാനുള്ള പ്രവണതയല്ലേ ഇതിൽ അടങ്ങിയിരിക്കുന്നത്? എങ്ങനെയായാലും അതിൽ അപകടം പതിയിരിക്കുന്നു എന്നു വേണം കരുതുവാൻ: എല്ലാ വാക്യങ്ങളിലും പ്രായോഗികതയുണ്ട്. ''എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ ദൈവത്തിൻെറ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു (2 തിമൊഥെയോസ് 3:16-17). ഒരു സമയത്തു ഒരു വാക്യം മറെറാന്നിനേക്കാൾ കൂടുതൽ പ്രായോഗികമായി തോന്നിയേക്കാം. എന്നിരുന്നാലും എല്ലാ വാക്യങ്ങളും വിശ്വാസ്യയോഗ്യവും പ്രയോജന പ്രദവുമാണ്.

ചിലർ വിചാരിക്കുന്നതു ഉപദേശ വിഷയങ്ങൾ പ്രായോഗികമല്ല എന്നാണ്. പക്ഷെ ദൈവം പഠിപ്പിക്കുന്നതു മറിച്ചാണ്. മാനുഷ കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതു കൊണ്ടു എന്നെ അവർ വ്യർത്ഥമായി ഭജിക്കുന്നു എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നു. (മത്തായി 15:9). അതുകൊണ്ടു ദുരുപദേശം നിമിത്തമുള്ള ആരാധന ദൈവം സ്വീകരിക്കയില്ല. ദൈവഹിതത്തിലുള്ള അജ്ഞതയാണ് ഇന്നു ആളുകളിലുള്ള തെററിദ്ധാരണകൾക്കു കാരണം. യേശു പറഞ്ഞിരിക്കുന്നതു അതു തന്നെയാ

ണ്. "അതിന്നു യേശു ഉത്തരം പറഞ്ഞതു നിങ്ങൾ തിരുവെഴുത്തുകളേയും ദൈവ ശക്തിയേയും അറിയായ്ക കൊണ്ടു തെററി പോകുന്നു (മത്തായി 22:29). ദൈവവേഷടം എന്തെന്നു ആളുകൾ മനസ്സിലാക്കാത്തടത്തോളം കാലം അവർക്കു ദൈവ ശക്തി തിരിച്ചറിയാനും പ്രയാസമാണ്. ആകയാൽ സത്യമായ ഉപദേശം പ്രായോഗികമായിരിക്കും. അപ്പൊസ്തലനായിരുന്ന പൌലൊസ് യുവാവായിരുന്ന തിമൊഥെയോസിനോടു പറയുന്നതു: "നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചു കൊൾക; ഇതിൽ ഉറെച്ചു നില്ക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും" (1 തിമൊഥെയോസ് 4:16).

ഒരു വ്യക്തി ഉപദേശം അനുസരിക്കുമ്പോഴാണ് അതു പ്രായോഗികമായി മാറുന്നതു. ഉപയോഗം തിരിച്ചറിയാതെ ഏതെങ്കിലും ഒരു വസ്തു ഉപകാരപ്രദമല്ല എന്നു പറയുന്നതു പോലെയാണ് ഏതാനും പേർ. ഈ വചനം പഠിച്ചാൽ ഇതിനെക്കാൾ ശ്രേഷ്ഠമായ ഒരു ജീവിതം നയിക്കാൻ മറെറാരു വഴിയില്ല എന്നു നിങ്ങൾ സമ്മതിക്കും. "സകല മനുഷ്യർക്കും രക്ഷാകരമായ ദൈവ കൃപ ഉദിച്ചുവല്ലൊ. നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസിന്റെ പ്രത്യാശക്കായിട്ടു കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ച മോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവ ഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു. "നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം ചെയ്തു പോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെസ്യർ 2:10).

തിരുവെഴുത്തുകളോടു കൂട്ടു ചേർക്കുകയോ അതിൽ നിന്നും ഏതെങ്കിലും എടുത്തു മാററുകയോ ചെയ്യുന്നവൻ

നഷ്ടപ്പെട്ടു പോകുന്നു. അവർ ബൈബിൾ പ്രായോഗികമാക്കണം (ആവർത്തനപുസ്തകം 4:2; വെളിപ്പാട് 22:18-19). രക്ഷിതാക്കൾ തങ്ങളുടെ മക്കളെ കർത്താവിന്റെ പത്ഥ്യോപദേശം പഠിപ്പിച്ചാൽ അവർ പിന്നീട് ദുരുപദേശങ്ങളുടെ കാറ്റിൽ ഉലയാതിരിക്കും. അപ്പോൾ അവർ തങ്ങളുടെ മക്കൾക്കു പ്രായോഗികമായവ നല്കി എന്നു പറയാം. ''അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചു കളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ, സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും (എഫെസ്യർ 4:14-15). ശിശുക്കൾ ആരു വിളിച്ചാലും പോകുന്നതു നിങ്ങൾ ശ്രദ്ധിച്ചിട്ടില്ലേ? അതുപോലെയാകരുത്. വചനത്തിൽ പരിജ്ഞാനത്തിന്റെ പൂർത്തി പ്രാപിച്ചവരെ ആർ ക്ഷണിച്ചാലും അവർ പോകുകയില്ല. കാരണം അവരിൽ സത്യം ഉണ്ട് എന്നതാണ്. പ്രായോഗികവും ആത്മിയ വളർച്ചയും ഓരോരുത്തർക്കും ആവശ്യമാണ്. അറിവില്ലാത്തവരെ കളിപ്പിക്കാൻ എളുപ്പമാണ്. അറിവുള്ളവരെ കളിപ്പിക്കുക പ്രയാസമാണ്. ദൈവ വചനത്തിൽ നാം അറിവുള്ളവരാകണം.

ഒരു ഇടവകയിലെ അംഗങ്ങൾ ദൈവ വചനം പഠിച്ചു അതിൽ മായം കലർത്താതെ നിർമ്മലമായ സത്യം ശക്തമായും ഫലപ്രദമായും ആളുകളെ പഠിപ്പിക്കുന്നില്ലെങ്കിൽ ആ ഇടവക ആത്മീയമായി മരിച്ചു കൊണ്ടിരിക്കുന്നു എന്നു പറയാം. ''അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയ പ്രകാരം സഭ മുഖാന്തരം അറിയായ് വരുന്നു'' (എഫെസ്യർ 3:10-11). ദൈവികമായ അറിവ് ദൈവ വചനത്തിലുണ്ട്. പക്ഷേ കർത്താവിന്റെ സഭയിലുള്ളവർക്കാണ് ദൈവം അതു സത്യമാ

യിട്ടും പൂർണ്ണമായിട്ടും വെളിപ്പെടുത്തി കൊടുക്കുന്നതു. മററുള്ളവർക്കു കിട്ടിയിരിക്കുന്ന അറിവ് അപൂർണ്ണവും അസത്യവുമാണ്. ഒരു വൃക്ഷത്തെ നാം തിരിച്ചറിയുന്നതു അതിൻെറ ഫലത്തെ നോക്കിയാണ്. അല്ലാതെ കാററ് എങ്ങനെ അതിൽ അടിക്കുന്നു എന്നുള്ളതു നോക്കിയല്ല. യഥാർത്ഥ ക്രിസ്ത്യാനി ഫലം പുറപ്പെടുവിക്കുന്ന വ്യക്തിയായിരിക്കും.

ഭൂരിഭാഗം പേർക്കും സഭ വളർന്നു കാണണമെന്നുണ്ട്. പക്ഷെ അതെങ്ങനെ സാദ്ധ്യമാകും? ഒരു ശരീരത്തിൻെറ നിലനില്പിനും ആരോഗ്യകരമായ വളർച്ചക്കും ആഹാരവും അതിനോടു ബന്ധിച്ചുള്ളതെല്ലാം വേണം എന്നു നമുക്ക് അറിയാം. അതെല്ലാം പാലിച്ചാൽ കുഴപ്പമൊന്നുമില്ല. അതുപോലെയാണ് സഭയും. സഭയിലെ എല്ലാ അംഗങ്ങളും അവർക്കു ആവശ്യമായ ആത്മീയ ആഹാരം ഭക്ഷിക്കണം. അതു മററുള്ളവരെ പഠിപ്പിക്കുക എന്നതാണ് വ്യായാമം. വ്യായാമം ഇല്ലെങ്കിൽ ചീർത്തിരിക്കുന്ന ശരീരം പോലെയാകും. ഒന്നിനും ഉപകരിക്കാത്ത അവസ്ഥയായിരിക്കും. നമ്മെക്കൊണ്ടു ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രയോജനം ഉണ്ടാകണം. ആത്മീയ വളർച്ച തുടർന്നുകൊണ്ടിരിക്കണം എന്ന ഉദ്ദേശത്തിൽ വേണം നാം ജീവിക്കുവാൻ. ബലമുള്ള അവയവത്തിനും ബലം കുറഞ്ഞ അവയവത്തിനും ശരീരത്തിൻെറ പ്രവർത്തികളിൽ പങ്കുള്ളതു പോലെയാണ് സഭയിലും. എല്ലാവരും അവരുടെ പങ്കു നിർവ്വഹിക്കണം.

സഭയുടെ വളർച്ചക്കു ശക്തമായ പരിജ്ഞാനത്തോടു കൂടിയ ഉപദേശവും പ്രസംഗവും അത്യാവശ്യമാണ്. ഇതു യാദൃശ്ചികമായി ഉണ്ടാകുന്നതല്ല. ഇതിനു ശ്രമകരമായ അദ്ധ്യാനം ആവശ്യമാണ്. ഉപദേഷ്ടാക്കന്മാരും പ്രാസംഗികൻമാരും സത്യം തുറന്നു സ്പഷ്ടമായ ഭാഷയിൽ സ്നേഹത്തോടും ദയയോടും കൂടെ പഠിപ്പിച്ചാൽ സഭ വളരും.

★

സ്ത്രീകൾക്കു വേണ്ടി

# ബൈബിളിലെ രണ്ടു സഹോദരിമാർ

**തങ്കം വർഗീസ്**

മറിയയുടേയും അവളുടെ സഹോദരി മാർത്തയുടേയും ഗ്രാമമാണ് ബേഥാന്യ. യെരുശലേമിൽ നിന്ന് ഏകദേശം മൂന്ന് കിലോമീററർ അകലെയാണ് ബേഥാന്യ. ധാരാളം അത്തിപ്പഴം ഉള്ള ഒരു ദേശമായിരുന്നു അത്. യെരുശലേമിൽ നിന്ന് യെരിഹോവിലേക്കുള്ള പാത ബേഥന്യയിൽ കൂടിയാണ് കടന്നു പോകുന്നത്. ആദിമ യെഹൂദന്മാർ ഇവിടെ പുണ്യയാത്ര ചെയ്തിരുന്നുവെന്നും ഇവിടത്തെ ഒരു ഉയർന്ന പാറയിൽ മനോഹരമായ ഒരു ദേവാലയം ഉണ്ടായിരുന്നുവെന്നും ചരിത്രം പറയുന്നു. യേശു ബേഥാന്യയിൽ എത്തുമ്പോൾ ലാസറിന്റെ വീട്ടിൽ കയറുമായിരുന്നു. ദൈവത്തെ സ്നേഹിക്കുന്ന ഒരു കുടുംബം എന്ന നിലയിൽ അവർ ബഹുമാനിക്കപ്പെട്ടിരുന്നു.

മാർത്തയും മറിയയും ദൈവ വചനം കേൾക്കുന്നതിൽ വളരെ ശുഷ്ക്കാന്തിയുള്ളവരായിരുന്നു. മാർത്ത ഭവനകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു. ഈ സഹോദരി ഉത്സാഹത്തിൽ മടുപ്പില്ലാത്തവളും പരിചരണ കൃത്യങ്ങളിൽ ശ്രദ്ധിക്കുന്നവളും സദ്ബുദ്ധിയുള്ളവളുമായിരുന്നു. എന്നാൽ മറിയ ആത്മീയ കാര്യങ്ങളിൽ വളരെ അധികം എരിവ് കാണിക്കുന്നതായിട്ടാണ് നാം ലൂക്കോസ് 10:38-42 ൽ വായിക്കുമ്പോൾ മനസ്സിലാക്കുന്നത്. ക്രിസ്തു ഒരു ദിവസം ലാസറിന്റെ ഭവനത്തിൽ വന്നപ്പോൾ ഈ രണ്ട് സഹോദരിമാരും അവിടെ ഉണ്ടായിരുന്നു. മറിയ കർത്താവിന്റെ കാല്ക്കൽ ഇരുന്ന് അവന്റെ വചനം കേട്ടുകൊണ്ടിരുന്നു. മാർത്തയാകട്ടെ അടുക്കളയിൽ കർത്താവിനു ഭക്ഷണം ഒരുക്കുന്ന ബദ്ധപ്പാടിലായിരുന്നു.

അവരം വളരെ ശുശ്രൂഷയാൽ കുഴങ്ങീട്ട് അടുക്കെ വന്നു, കർത്താവേ എൻെറ സഹോദരി, ശുശ്രൂഷക്ക് എന്നെ തനിച്ചാക്കിയതിൽ നിനക്ക് വിചാരമില്ലയോ, എന്നെ സഹായിപ്പാൻ അവളോടു കല്പിച്ചാലും എന്നു പറയുന്നു. "യേശുവിൻെറ കാല്ക്കൽ സ്വസഹോദരി ഇരിക്കുന്നതു കണ്ടപ്പോരം മാർത്തയ്ക്ക് സഹിച്ചില്ല. നമ്മളിൽ പലരും ഈ സ്വഭാവം ഉരംക്കൊള്ളുന്നവരാണ്. അവളോട് യേശു പറയുന്നത് ഇപ്രകാരമാണ്. "മാർത്തയേ മാർത്തയേ നീ പലതിനെ ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഇരിക്കുന്നു. എന്നാൽ അല്പമേ വേണ്ടു അല്ല ഒന്നു മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു. അതു ആരും അവളോട് അപഹരിക്കുന്നില്ല".

സഹോദരിമാരെ! നമ്മിൽ പലരും സഭായോഗങ്ങളിൽ അവഗണന കാണിക്കാറില്ലേ? മാർത്തയ്ക്ക് ഒന്നു ചെയ്യാമായിരുന്നു, അടുപ്പിനു മുകളിൽ പാത്രങ്ങരം ശരിയാക്കി വെച്ച് വിറകും, തീയും ക്രമപ്പെടുത്തി മറിയയോട് ചേർന്ന് കുറച്ചു സമയം കർത്താവിൻെറ പാദപീഠത്തിലിരുന്ന് വചനം ശ്രദ്ധിക്കാമായിരുന്നു. അങ്ങനെ ചെയ്തെങ്കിൽ മറിയയേക്കാരം മാർത്ത പുകഴ്ത്തപ്പെടുമായിരുന്നു. ലാസ്സർ ദീനമായി കിടന്നപ്പോരം യേശുവിനെ അറിയിക്കുന്ന കാര്യത്തിൽ മാർത്ത എടുത്ത നിലപാട് മറിയയുടേതിലും ഉൽകൃഷ്ടമായിരുന്നു.

യേശു വരുന്നു എന്നു കേട്ടിട്ട് "മാർത്ത അവനെ എതിരേല്ക്കാൻ ചെന്നു. മറിയയോ വീട്ടിൽ ഇരുന്നു" (യോഹ-11:20). ലാസറിൻെറ മരണത്തെ കുറിച്ചുള്ള സംഭാഷണം യേശുവും മാർത്തയുമായി പങ്കിടുന്നു. എന്നാൽ മറിയ യേശുവിൻെറ അടുക്കൽ വന്നപ്പോഴുള്ള സമീപനം ശ്രദ്ധിക്കുന്നതു നല്ലത്. യേശു ഇരിക്കുന്നേടത്തു മറിയ എത്തി അവനെ കണ്ടിട്ട് അവൻെറ കാല്ക്കൽ വീണു (യോഹ-11: 32). ഈ സ്വഭാവം മറിയയുടെ താഴ്മയെ കുറിക്കുന്നു. ഈ കാലത്തെ വിശ്വാസിനികരംക്കു താഴുവാനുള്ള മനസ്സി

ല്ലാതെയാണിരിക്കുന്നത്. ആത്മീയ ഗോളത്തിൽ ആയിരിക്കുന്ന നാം ഔന്നത്യത്തിലേക്ക് ഉയരണമെങ്കിൽ അഹം എന്ന ചിന്ത വെടിയുക തന്നെ വേണം.

യോഹന്നാൻ 12-ാം അദ്ധ്യായത്തിലേക്ക് കടക്കുമ്പോൾ ഈ രണ്ടു സഹോദരിമാരുടേയും സ്വഭാവ വൈശിഷ്ട്യം പിന്നെയും നമ്മെ വെളിപ്പെടുത്തുന്നു. പെസഹയ്ക്ക് ആറു ദിവസം മുമ്പ് യേശു ബേഥാന്യയിൽ വന്നപ്പോൾ അവർ അവനു അത്താഴം ഒരുക്കി. ''മാർത്ത ശുശ്രൂഷ ചെയ്തു'' എന്നു നാം വായിക്കുന്നു. നാം ശുശ്രൂഷ ചെയ്യുവാൻ മുതിരാറുണ്ടോ? ശുശ്രൂഷ ചെയ്യിക്കുവാനുള്ള പ്രവണതയാണ് പലരിലും കാണുന്നത്. ആ സന്ദർഭത്തിലും മറിയ എന്താണ് ചെയ്തത് എന്ന് നമുക്ക് ശ്രദ്ധിക്കാം. ''അപ്പോൾ മറിയ വിലയേറിയ സ്വച്ഛജടമാംസി തൈലം ഒരു റാത്തൽ എടുത്ത് യേശുവിന്റെ കാലിൽ പൂശി തന്റെ തലമുടി കൊണ്ട് കാൽ തുവർത്തി തൈലത്തിന്റെ സൗരഭ്യം കൊണ്ട് വീട് നിറഞ്ഞു'' (യോഹന്നാൻ 12:3). മൂന്ന് സന്ദർഭത്തിലും മറിയ യേശുവിന്റെ കാല്ക്കൽ അണഞ്ഞതായി നാം കാണുന്നു. മറിയയേപ്പോലെ കർത്താവിന്റെ പാദപീഠത്തിൽ സൌമ്യതയോടും അനുസരണത്തോടും കൂടി നമുക്ക് അണയാം. ഇന്നത്തെ വിശ്വാസിനികളിലുള്ള അഹന്ത കളഞ്ഞു ഉത്തമ വിശ്വാസികളായി ഉയരാം. ദൈവത്തിനും, ക്രിസ്തുവിനും, വചനത്തിനും മുൻഗണന കൊടുക്കാം.

മാർത്തയുടെ ഉത്സാഹശീലവും കുടുംബിനി എന്ന പദവിയും ബദ്ധപ്പാടുകനം സഹിക്കാനുള്ള കഴിവും അതിഥി സൽക്കാരത്തിനുള്ള മനസ്സും കർത്താവ് നമുക്ക് പ്രദാനം ചെയ്യട്ടെ! മറിയയേപ്പോലെ കർത്താവിനെ സേവിപ്പാനും, താഴ്മയോടും, വിനയത്തോടും, അനുസരണശീലത്തോടും കൂട്ടായ്മയിൽ പങ്കെടുക്കുവാനും സഹോദര സ്നേഹം ഊട്ടി ഉറപ്പിക്കാനും, കുറവ് ഒന്നും കണ്ട് പിടിക്കുവാൻ കഴിയാതെ വണ്ണം ക്രിസ്തു യേശുവിൽ ജീവിച്ച് ക്രിസ്തീയ ഐക്യം നിലനിർത്താം.

★

# ഏതാണ്ടു കുററമുള്ള നിരപരാധി

## ഗ്ലെൻ കോളെ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

അവൻ എങ്ങനെയാണ് അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നതു? അവൻ എടുത്ത പ്രതിജ്ഞയെ അവഗണിച്ചു എതിരായി പ്രവർത്തിക്കുന്നതുകൊണ്ട്. ഭാര്യയെ ഭർത്താവോ, ഭർത്താവിനെ ഭാര്യയോ കണക്കാക്കാതെ ഉപേക്ഷിക്കയാണെങ്കിൽ തൻെറ പങ്കാളിയെ വേർപ്പെടുത്താൻ ശ്രമിക്കുന്നു എന്നർത്ഥം. നിരന്തരമായ അവിശ്വസ്തത പിന്നീട് അകൽച്ചയായി തീരുന്നു. അതു വളർന്നു വേർപാടിലേക്ക് വഴിതെളിക്കുന്നു. അങ്ങനെ ഒരാഠം മററൊരാളെക്കൊണ്ടു പാപം ചെയ്യിക്കുന്നു.

തൊഴിലില്ലായ്മ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ നിന്നുവിദൂര സ്ഥലങ്ങളിൽ ജോലിക്ക് പോകുന്നവരുണ്ട്. ദീർഘകാലം അവർക്ക് അവിടെ ജോലി ചെയ്യേണ്ടതായി വരുന്നുവെങ്കിൽ ദയവു ചെയ്തു നിങ്ങളുടെ പങ്കാളിയെ കൂടെ കൊണ്ടു പോകണം. അല്ലെങ്കിൽ ചുരുങ്ങിയ സമയത്തേക്കു മാത്രം പോവുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ തുണ മററൊരാളെ തേടിയെന്നു വരും. അതു ണ്ടാകാതിരിക്കാൻ ബുദ്ധിയോടെ പ്രവർത്തിക്കണം. നമ്മുടെ കർത്താവ് തന്നിരിക്കുന്ന നിർദ്ദേശം സത്യമായും ഭർത്താക്കന്മാരുടെയും ഭാര്യമാരുടേയും നന്മക്കു വേണ്ടിയാണ് നമ്മോടു സംസാരിച്ചിരിക്കുന്നതു (1 കൊരിന്ത്യർ 7:5).

നല്ല വിവാഹബന്ധവും ജീവിതവും യാദൃശ്ചികമായി ഉണ്ടാവുന്ന ഒന്നല്ല. അതിനു യോജിച്ച സമർപ്പണം അനിവാര്യമാണ്.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12 45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 449378

To